II ഇ.ബി.XIV-കേരള നിയമസഭ/V-3

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 ഏപ്രിൽ 27, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ ചേംബറിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(കേരള സംസ്ഥാന രൂപീകരണത്തിന്റെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായിട്ടാണ് ഇന്നത്തെ യോഗം സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ ചേംബറിൽ ചേരുന്നതെന്നും നിലവിലെ സൗകര്യങ്ങളോട് അംഗങ്ങൾ സഹകരിക്കണമെന്നും പരമാവധി അംഗങ്ങൾക്ക് അവസരം നൽകുന്ന രൂപത്തിൽ ചുരുങ്ങിയ വാക്കുകളിൽ ചോദ്യോത്തരങ്ങൾ അവതരിപ്പിക്കണമെന്നും ചെയർ അറിയിച്ചു.)

7(*61) മദ്യശാലകൾ പൂട്ടിയതിന്റെ അനന്തര ഫലങ്ങൾ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ, സുപ്രീം കോടതി വിധിയെത്തുടർന്ന് മദ്യ വിൽപ്പനശാലകൾ പൂട്ടേണ്ടിവന്ന സാഹചര്യത്തിൽ വിനോദസഞ്ചാരമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് പരിഹാരനടപടികൾ സ്വീകരിക്കുന്നതാണെന്നും മദ്യത്തിന്റെ ലഭ്യതക്കുറവുമൂലം ഉണ്ടാകാനിടയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും ലഹരി പദാർത്ഥങ്ങളുടെ വില്പനയും ഉപയോഗവും തടയുന്നതിന് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സ്ക്വാഡുകൾ രൂപീകരിച്ച് സംയുക്ത പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഇതിന്റെ ഭാഗമായി സീ പട്രോളിംഗും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുകയും ചെക്ക് പോസ്റ്റുകളിലൂടെയുള്ള വ്യാജ മദ്യക്കടത്ത് തടയുന്നതിനായി വാഹന പരിശോധന കർശനമാക്കുകയും ചെയ്തിട്ടുണ്ട്. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിനെതിരെ പൊതുജനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിനായി 'വിമുക്തി' പദ്ധതിക്ക് രൂപം നൽകുകയും ജില്ലകൾതോറും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഡീ-അഡിക്ഷൻ സെന്ററുകൾ

ആരംഭിക്കുന്നതിനും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് മന്ത്രി അറിയിച്ചു. മദ്യശാലകളും കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകളും നിയമവിധേയമായി പ്രവർത്തിപ്പിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

8(*62) <u>അക്ഷരസാഗരം പദ്ധതി</u>

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) നൽകിയ മറുപടിയിൽ, തീരദേശ ജനതയുടെ സാക്ഷരതാ നിലവാരവും നാലാംതരം തുല്യതാ പരിപാടികളും ശക്തിപ്പെടുത്തുക, തുടർ വിദ്യാഭ്യാസത്തിനനുകൂലമായ സാഹചര്യം സൃഷ്ടിക്കുക, മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക, സ്ത്രീ ശാക്തീകരണം, ശുചിത്വ- ആരോഗ്യ-പരിസ്ഥിതി രംഗത്ത് പുത്തൻ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പിലാക്കിയ അക്ഷരസാഗരം പദ്ധതിയിലൂടെ ഈ സാമ്പത്തികവർഷം 9000 മത്സ്യത്തൊഴിലാളികളെ അക്ഷരജ്ഞാനമുള്ളവരാക്കിയും 4500 പേരെ നാലാംതരം തുല്യതാ പരീക്ഷ പൂർത്തീകരിക്കാൻ കഴിയുന്നവരാക്കിയും മാറ്റുമെന്ന് സഭയെ അറിയിച്ചു. ഹൈടെക് മാതൃകയിൽ സംസ്ഥാനത്തുടനീളം ടി പരിപാടി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ജലാശയങ്ങളിലേയ്ക്ക്

മാലിന്യങ്ങൾ ഒഴുക്കിവിടുന്നതുമൂലം തീരദേശ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി 'ശുചിത്വതീരം' പദ്ധതി ആവിഷ്കരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

9(*63 & *84) വിമുക്തി പദ്ധതി

തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ലഹരി വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനും ഉറവിടം കണ്ടെത്തി ഇല്ലായ്മ ചെയ്യുന്നതിനും പുനരധിവാസത്തിനും മറ്റുമായി ആരംഭിച്ച 'വിമുക്തി' പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാന ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും തദ്ദേശസ്വയംഭരണ വകുപ്പിൻകീഴിൽ വിവിധ വാർഡുതല കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2000-ൽപരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ ആരംഭിക്കാനും എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ദേശീയ-സംസ്ഥാന പാതകളുടെ 500 മീറ്ററിനുള്ളിൽ പ്രവർത്തിക്കുന്ന മദ്യഷാപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ഡീ-അഡിക്ഷൻ സെന്ററുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആരോഗ്യ-എക്സൈസ് വകുപ്പുകളുടെ സഹകരണത്തോടെ പത്ത് ജില്ലകളിൽക്കൂടി അത്തരം സെന്ററുകൾ

ആരംഭിക്കുന്നതിനുമുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

10(*64) <u>തീരദേശവാസികളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ</u>

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, തീരദേശവാസികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനായി സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി മുഖേന അക്ഷരസാഗരം പദ്ധതിയും തീരദേശ വികസന കോർപ്പറേഷനും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും മുഖേന വിവിധ വികസന പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാന പദ്ധതികൾക്കുപുറമെ കേന്ദ്രാവിഷ്കൃത പദ്ധതി, ആർ.കെ.വി.വൈ., നബാർഡ് എന്നീ പദ്ധതികളിലുൾപ്പെടുത്തി എൻ.എഫ്.ഡി.ബി.-യുടെ ധനസഹായത്തോടെ ഫിഷിംഗ് ഹാർബർ/ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നവീകരണ പ്രവൃത്തികളും തുടർന്നുവരുന്നുണ്ട്. കടലാക്രമണംമൂലം വീട് നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം, തീരദേശവാസികൾക്ക് പട്ടയം നൽകൽ, ആരോഗ്യ-കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ എന്നിവയ്ക്കായി റവന്യൂ-ആരോഗ്യ-ജലവിഭവ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കെ.എം.എഫ്.ആർ.എ. ഭേദഗതി വരുത്തി ചെറു മത്സ്യബന്ധനം തടയൽ, ആവാസ

വ്യവസ്ഥ സംരക്ഷിക്കൽ, മത്സ്യസമ്പത്തിന്റെ പരിപാലനം എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്നും മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ മാർക്കറ്റുകൾ സ്ഥാപിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. 50 ശതമാനം സബ്സിഡിയോടുകൂടി മത്സ്യമേഖലയിൽ പുതിയ പ്രോജക്ട് അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിക്കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടെന്നും മുടങ്ങിക്കിടക്കുന്ന ഹാർബറുകളുടെ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

11(*65) <u>കശുവണ്ടി വ്യവസായ സംരക്ഷണം</u>

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കൃഷി വകുപ്പിന്റെയും പട്ടികജാതി /പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ഫാമുകൾ, കാസർഗോഡ് ജില്ലയിലെ രാജപുരം, ചീമേനി, കണ്ണൂർ ജില്ലയിലെ നാടുകാണി എസ്റ്റേറ്റുകൾ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK), കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ ഉത്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി

സംഭരിക്കുന്നതിനും വിദേശ രാജ്യങ്ങളിൽ നിന്നും ഇ-ടെണ്ടർ മുഖേന ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ക്രമീകരണങ്ങൾ കോർപ്പറേഷനും കാപ്പെക്സും സംയുക്തമായി നടത്തി വരികയാണെന്നും സഭയെ അറിയിച്ചു. കേരളത്തിൽ ഉത്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ചെറുകിട കർഷകരിൽ നിന്നും സംഭരിക്കുന്ന തോട്ടണ്ടിക്ക് വില നിശ്ചയിക്കുന്നതിന് വില നിർണ്ണയ സമിതിയും സ്വകാര്യ കശുവണ്ടി മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുമായി കേരള കാഷ്യൂ ബോർഡും രൂപീകരിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. ബാങ്ക് ലോൺ റീ-സ്ട്രക്ച്ചർ ചെയ്യുക, പുതിയ ലോൺ അനുവദിക്കുക, നിലവിലുള്ള ലോണിന് ആറുമാസത്തേയ്ക്ക് മോറട്ടോറിയം ഏർപ്പെടുത്തുക എന്നീ വിഷയങ്ങൾ സർക്കാർ - ബാങ്ക് പ്രതിനിധികളുടെ എംപവേർഡ് കമ്മിറ്റി പരിശോധിക്കുന്നുണ്ടെന്നും ഇതിനായി എസ്.പി.വി. രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും തോട്ടണ്ടി ലഭ്യമായിട്ടും പ്രവർത്തനമാരംഭിക്കാത്ത സ്വകാര്യ ഫാക്ടറികൾക്കെതിരെ നോട്ടീസ് നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കശുവണ്ടിയുടെ ഇറക്കുമതിചുങ്കം പിൻവലിക്കുന്ന കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും റവന്യൂ വകുപ്പിന്റെ സഹകരണത്തോടുകൂടി കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 624 മുതൽ 824 വരെയുള്ള ചോദ്യങ്ങളിൽ 88 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)